**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 111** **10-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടയവിതരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ മാത്യു ടി. തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടയവിതരണം ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | "എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ" എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി റവന്യൂ വകുപ്പ് പട്ടയ മിഷൻ എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതും, 19.04.2023-ലെ സ.ഉ.(കൈ) 87/2023/ആർ.ഡി നം. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പട്ടയ മിഷൻ രൂപീകരിച്ചിട്ടുള്ളതുമാണ്. "1960-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചു നൽകൽ ആക്ട്-ന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശങ്ങളിലുള്ള സർക്കാർ ഭൂമിക്ക് "1964-ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങൾ" പ്രകാരവും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് "1995 ലെ കേരള മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചു നൽകുന്നതു സംബന്ധിച്ച ചട്ടങ്ങൾ" പ്രകാരവുമാണ് ഭൂരഹിതർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നത്.<br><br>1964-ലെയും 1995-ലെയും ഭൂമിപതിവു ചട്ടങ്ങൾ പ്രകാരം രൂപീകൃതമായതും അതാത് പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ ഉൾപ്പെടുന്നതുമായ ഭൂപതിവ് കമ്മിറ്റികൾ അതാത് കാലങ്ങളിൽ ചേർന്ന് അർഹത നിർണ്ണയിക്കുന്ന മുറയ്ക്കാണ് ഭൂരഹിതർക്ക് പട്ടയം അനുവദിച്ചു വരുന്നത്. ഇത് കൂടാതെ വിവിധ നിയമ പ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നു വരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിയമസഭാ നിയോജക മണ്ഡലത്തിലെ മുഴുവൻ ജനപ്രതിനിധികളും റവന്യൂ ഉദ്യോഗസ്ഥരും |

| | | | |
|---|---|---|---|
| | | | അടങ്ങുന്നതാണ് പട്ടയ അസംബ്ലികൾ. പട്ടയ അസംബ്ലിയിൽ ഉയർന്നുവന്ന എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടയ ഡാഷ്ബോർഡിലെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലാതല റിവ്യൂ ബഹു.റവന്യൂ വകുപ്പ് മന്ത്രി 09.10.2023 മുതൽ 10.11.2023 വരെയും, 20.06.2024 മുതൽ 09.07.2024 വരെയുമുള്ള തീയതികളിലായി 2 തവണ നടത്തിയിട്ടുണ്ട്. 07.01.2024 മുതൽ 10.01.2024 വരെയുള്ള തീയതികളിലായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും, 21.12.2023 മുതൽ 30.12.2023 വരെ ലാൻഡ് റവന്യൂ കമ്മീഷണറും റിവ്യൂ യോഗങ്ങൾ ജില്ലാ തലത്തിൽ നടത്തുകയുണ്ടായി.<br><br>ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയുന്ന കാര്യങ്ങൾ അവിടെത്തന്നെ പരിഹരിക്കുന്നതിനും സർക്കാർ ഉത്തരവ് ആവശ്യമുള്ള കേസുകളിൽ സർക്കാരിലേക്ക് ശുപാർശ സമയബന്ധിതമായി നൽകുന്നതിനും ഇത്തരം റിവ്യൂ യോഗങ്ങൾ സഹായകരമായിരുന്നു. കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിനായി എല്ലാ ജില്ലാ കളക്ടർമാരും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങളുടെ ലിസ്റ്റ് തഹസിൽദാർ മുഖേന വില്ലേജ് ജനകീയ സമിതിയിൽ ഉൾപ്പെടുത്തി ഭൂമി ലഭ്യതയെ കുറിച്ച് അന്വേഷണം നടത്തി വരുന്നതും ഭൂരഹിതരായ അതിദരിദ്ര കുടുംബങ്ങൾക്ക് അതാതു വില്ലേജുകളിലോ തൊട്ടടുത്ത വില്ലേജുകളിലോ ഭൂമി നൽകുന്നതിനുള്ള നടപടിയും നടത്തിവരുന്നു. നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി അർഹരായ എല്ലാവർക്കും കാലതാമസം കൂടാതെ പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഭൂമി, അവക്ക് നിയന്ത്രണാധികാരം ലഭിച്ച ഭൂമി എന്നിവയിൽ താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനായി ബഹു.മന്ത്രിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിതല യോഗം കൂടി ആവശ്യമായ ചട്ട ഭേദഗതികൾ വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതുപോലെ തന്നെ കനാൽ പുറമ്പോക്കുകളിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 180,887 പട്ടയങ്ങൾ തയ്യാറാക്കി വിതരണം ചെയ്ത് വരികയാണ്. ഇത് സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പട്ടയവിതരണ മേളകൾ ആറു മാസത്തിൽ ഒരിക്കലെങ്കിലും നടത്തുന്നതിന് നടപടികൾ | (ബി) | ജില്ലാ തലത്തിൽ പട്ടയങ്ങൾ തയ്യാറാക്കി തയ്യാറായ പട്ടയങ്ങളുടെ എണ്ണം ജില്ലാ കളക്ടർമാർ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന/ജില്ലാതല പട്ടയ മേളകളുടെ തീയതി സർക്കാർ തലത്തിൽ തീരുമാനിക്കപ്പെടുന്നത്. 2024-ലെ ആദ്യ പട്ടയമേള ഫെബ്രുവരി മാസത്തിൽ നടത്തിയിട്ടുള്ളതും, രണ്ടാമത്തേത് സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടന്നുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**

| ക്രമ നം. | ജില്ല | കഴിഞ്ഞ പട്ടയമേളവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം | 4-ാം നൂറുദിന കർമ്മ പദ്ധതിയുമായി ബന്ധപ്പെട്ട് സെപ്റ്റംബർ,ഒക്ടോബർ മാസങ്ങളിലായി വിതരണം ചെയ്യുന്ന പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 3572 | 858 |
| 2 | കോല്ലം | 1784 | 550 |
| 3 | പത്തനംതിട്ട | 651 | 229 |
| 4 | ആലപ്പുഴ | 1225 | 102 |
| 5 | കോട്ടയം | 2348 | 337 |
| 6 | ഇടുക്കി | *10686 | 2941 |
| 7 | എറണാകുളം | 4818 | 1136 |
| 8 | തൃശ്ശൂർ | 26499 | 2218 |
| 9 | പാലക്കാട് | 32703 | 9176 |
| 10 | മലപ്പുറം | 28701 | 4664 |
| 11 | കോഴിക്കോട് | 17633 | 2653 |
| 12 | വയനാട് | 4161 | 53 |
| 13 | കണ്ണൂർ | 13712 | 2283 |
| 14 | കാസർഗോഡ് | 4610 | 584 |
| | ആകെ | *1,53,103 (ഇടുക്കി ജില്ലയിലെ 3,227 പട്ടയങ്ങൾ ഒഴികെ 1,49,876 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്) | 27,784 |

*മൂന്നാർ മേഖലയിലെ കൈയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് One Earth One life എന്ന സംഘടന ബഹു കേരളാ ഹൈക്കോടതിയിൽ ഫയൽചെയ്ത WPC 1801/2010 നമ്പർ കേസിലെ വിധിന്യായത്തിൽ Occupied Land-ന് പട്ടയം അനുവദിക്കുന്നത് സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഇടുക്കി ജില്ലയിൽ കഴിഞ്ഞ പട്ടയമേളയിൽ വിതരണം ചെയ്യുന്നതിനായി തയ്യാറാക്കിയ 10,686 പട്ടയങ്ങളിൽ 3227 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല.